(ബി) എഡ്യൂസാറ്റ് സംവിധാനം നടപ്പാക്കുന്നതിലേക്ക് 15 കോളേജുകളിൽ കൂടി SITs (Statellite Interactive Terminals) സ്ഥാപിക്കുന്നതിലേക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. ടി കോളേജുകളിൽ ഒരു ക്ലാസ്സ് റൂം SITs സംവിധാനം സ്ഥാപിക്കുന്നതിലേക്ക് മുന്നോടിയായി ഇലക്ട്രിക്കൽ വർക്കുകൾ, അറ്റകുറ്റപ്പണികൾ എന്നിവ ചെയ്യുന്നതിലേക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2011-12 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ കോളേജുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 2006-ൽ കോളേജുകൾ SITs (Satellite Interactive Terminals) സ്ഥാപിക്കുന്നതിന് 44,10,450 രൂപ ചെലവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടി സൗകര്യം അവശേഷിക്കുന്ന 16 കോളേജുകളിൽ സ്ഥാപിക്കുന്നതിന് ലംപ്സം പേയ്മെന്റ് ഉൾപ്പെടെ ഏകദേശം 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുയും കൂടാതെ ഈ കോളേജുകളിൽ എഡ്യൂസാറ്റ് ക്ലാസ് റൂം നവീകരിക്കുന്നതിന് (ആധുനിക ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ജെഫെഴ്സൺ കസേരകൾ ഉൾപ്പെടുത്തി) 50 ലക്ഷം രൂപയും ചെലവാകുമെന്ന് പ്രതീക്ഷിച്ചിരുന്നു. ഇതിനോടൊപ്പം 39 ആർട്സ് & സയൻസ് കോളേജുകളിലും ഈ സൗകര്യം ഏർപ്പെടുത്തുന്നതോടൊപ്പം ഒരു ക്ലാസ്സ് റൂം നവീകരിക്കുന്നതിന് (പി.ഡബ്ല്യു.ഡി) അറ്റകുറ്റപ്പണികൾ ചെയ്യുന്നതിലേക്ക് ഏകദേശം ഒരു കോടി രൂപ ചെലവാകുമെന്നും പ്രതീക്ഷിച്ചിരുന്നു.

(ഡി) എഡ്യൂസാറ്റ് പദ്ധതി നടപ്പാക്കുന്നതിന് എൻ.സി.ഇ.ആർ.ടി, യു.ജി.സി, കേന്ദ്രമാനവിഭവശേഷി മന്ത്രാലയം എന്നിവയിൽ നിന്നും സഹായങ്ങളൊന്നും ലഭ്യമായിട്ടില്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

നിർദ്ധനരായ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസ സഹായത്തിനുള്ള സ്കോളർഷിപ്പ് നിധി

87(776) ശ്രീ. കെ. ബാബു :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർധനരായ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസ സഹായത്തിനുള്ള സ്കോളർഷിപ്പ് നിധി ഏർപ്പെടുത്തിയശേഷം ഇതുവരെ ഈ നിധിയിൽ ആകെ എത്ര കോടി രൂപ നിക്ഷേപമായി സ്വരൂപിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ നിധി ആരംഭിച്ചശേഷം ഇതുവരെ ഓരോ വർഷവും ഈ നിധിയിൽ നിന്നും എത്ര വിദ്യാർത്ഥികൾക്ക് എന്തു തുക വീതം വിതരണം ചെയ്യാൻ കഴിഞ്ഞു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം നിധിയിൽ നിന്നും സ്കോളർഷിപ്പ് നല്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ ;

(ഡി) സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള കൂടുതൽ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നല്കുന്നതിന് നിലവിലെ വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) സഞ്ചിത നിക്ഷേപമായി 3 കോടി രൂപയും 2010-2011 വർഷത്തിൽ സ്കോളർഷിപ്പ് നൽകുന്നതിന് ഗ്രാന്റ് ഇൻ എയ്ഡായി 1.22 കോടി രൂപയും ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിക്കായി സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. ഇതിനുപുറമേ, നാളിതുവരെ 27,17,034 രൂപ പൊതുജനങ്ങളിൽ നിന്ന് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നിധിയിലേക്ക് സംഭാവനയായും ലഭിച്ചിട്ടുണ്ട്.

(ബി) 2009-10-ൽ 6 ആദ്യവർഷ ബിരുദ വിദ്യാർത്ഥികൾക്ക് 12,000 രൂപ വീതം സ്കോളർഷിപ്പ് നൽകിയിരുന്നു. ഇവരിൽ 5 പേർക്ക് 2010-11-ൽ തുടർ സ്കോളർഷിപ്പായി 18,000 രൂപ വീതം നൽകുകയും ചെയ്തു. ഇതിനുപുറമേ, 2010-11-ൽ 1000 ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് 12,000 രൂപ വീതം സ്കോളർഷിപ്പ് നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 822 വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക ഇതിനോടകം നൽകി കഴിഞ്ഞു. ശേഷിച്ച 178 പേരുടെ സ്കോളർഷിപ്പ് കൂടി താമസംവിനാ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മെറിറ്റിന്റേയും വരുമാനത്തിന്റേയും അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) നിലവിൽ 50% ഓപ്പൺ മെറിറ്റ് കാറ്റഗറിയിലും 37% ബി.പി.എൽ. കാറ്റഗറിയിലും 10% എസ്.സി./എസ്.റ്റി. കാറ്റഗറിയിലും 3% ശാരീരിക വിഷമതകൾ അനുഭവിക്കുന്ന കാറ്റഗറിയിലുമാണ് സ്കോളർഷിപ്പ് നൽകുന്നത്. വ്യവസ്ഥകളിൽ മാറ്റം വരുത്താനുള്ള നിർദ്ദേശം പരിഗണനയിലില്ല.

ഉന്നത വിദ്യാഭ്യാസ രംഗത്തെ മികവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തുടർപരിശീലന പദ്ധതി

88(777) ശ്രീ. ബി. ബാബു പ്രസാദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തെ മികവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോളേജ് അദ്ധ്യാപകർക്ക് എന്തൊക്കെ പുതിയ തുടർ പരിശീലന പദ്ധതിക്കാണ് രൂപം നല്കിയിരുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly